കേരളസർവകലാശാല

**Re-accredited by NAAC with A++ GRADE**

നം. പി.ആർ. **110/2026** തിരുവനന്തപുരം, തീയതി : **01/06/2026**

# പത്രക്കുറിപ്പ്

## കേരളസർവകലാശാല ഒന്നാം വർഷ ബിരുദ പ്രവേശനം – 2026 - 27

കേരളസർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവൺമെന്റ്, എയ്ഡഡ്, സ്വാശ്രയ കോളേജുകളിലും യു.ഐ.റ്റി, ഐ.എച്ച്.ആർ.ഡി സെന്ററുകളിലും 2026-27 അധ്യയന വർഷത്തെ നാല് വർഷ ബിരുദ കോഴ്സുകളിലേക്കുള്ള ഏകജാലക പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു.

കേരളസർവകലാശാലയ്ക്ക് കീഴിൽ പ്രവേശനം ആഗ്രഹിക്കുന്ന താഴെ പറയുന്ന വിഭാഗങ്ങളിൽപ്പെട്ട എല്ലാ വിദ്യാർത്ഥികളും ഏകജാലക സംവിധാനം വഴി അപേക്ഷിക്കേണ്ടതാണ്:

- ജനറൽ / സംവരണ വിഭാഗങ്ങൾ **(General / Reservation)**
- മാനേജ്മെന്റ് / സ്പോർട്സ് ക്വാട്ട **(Management / Sports quota)**
- ഭിന്നശേഷി / ട്രാൻസ്ജെൻഡർ **(PWD / Transgender)**
- ടി.എൽ.എം / ലക്ഷദ്വീപ് ക്വാട്ട **(TLM / Lakshadweep)**

പ്രത്യേക ശ്രദ്ധയ്ക്ക്: ഇന്ത്യൻ പൗരന്മാരായ വിദ്യാർത്ഥികൾക്ക് മാത്രമാണ് ഏകജാലക സംവിധാനം വഴി അപേക്ഷിക്കാനാകുക. ഒ.സി.ഐ **(OCI)** കാർഡ് ഉള്ളവരും വിദേശികളുമായ വിദ്യാർത്ഥികൾ ഈ സംവിധാനം വഴി അപേക്ഷിക്കേണ്ടതില്ല. ഒ.സി.ഐ **(OCI)** കാർഡ് ഉള്ളവരും വിദേശികളുമായ വിദ്യാർത്ഥികൾ അഡ്മിഷനായി സർവകലാശാലയുടെ **Centre for Global Academics (CGA)** സെക്ഷനുമായി ബന്ധപ്പെടേണ്ടതാണ്.

ഓൺലൈൻ രജിസ്ട്രേഷൻ 2026 മെയ് 29 ന് വൈകുന്നേരം ആരംഭിക്കുന്നതും 2026 ജൂൺ 14 ന് അവസാനിക്കുന്നതുമാണ്. ഓൺലൈൻ രജിസ്ട്രേഷന്റെ അവസാന തീയതി വരെ അപേക്ഷയിലെ തെറ്റുകൾ തിരുത്താവുന്നതാണ്.

ഓപ്ഷനുകൾ സമർപ്പിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ:

- വിദ്യാർത്ഥികൾക്ക് പരമാവധി 20 ഓപ്ഷനുകൾ വരെ തിരഞ്ഞെടുക്കാം.

- കോഴ്സുകളെക്കുറിച്ചുള്ള വിവരങ്ങൾ അതാത് കോളേജ് വെബ്സൈറ്റുകളിൽ ലഭ്യമാണ്. ഇത് കൃത്യമായി പരിശോധിച്ച ശേഷം മാത്രം കോളേജുകൾ തിരഞ്ഞെടുക്കുക.

- തങ്ങൾ പ്രവേശനം ആഗ്രഹിക്കുന്ന കോളേജുകളും പ്രോഗ്രാമുകളും മാത്രം മുൻഗണനാക്രമത്തിൽ **(Priority Order)** നൽകാൻ പ്രത്യേകം ശ്രദ്ധിക്കുക.

- അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ നിർബന്ധമായും പ്രവേശനം നേടേണ്ടതാണ്. അല്ലാത്തപക്ഷം, തുടർന്നുള്ള അലോട്ട്മെന്റുകളിൽ അവരെ പരിഗണിക്കുന്നതല്ല.

ഫീസും മറ്റ് നിർദ്ദേശങ്ങളും:

- രജിസ്ട്രേഷൻ ഫീസ്: പൊതുവിഭാഗത്തിന് 900/- രൂപ, എസ്.സി/എസ്.ടി (SC/ST) വിഭാഗത്തിന് 500/- രൂപ.

- ഓൺലൈനായി അപേക്ഷിച്ച ശേഷം അതിന്റെ പ്രിന്റ്ഔട്ട് സർവകലാശാല യിലേക്കോ കോളേജുകളിലേക്കോ അയക്കേണ്ടതില്ല.

- അപേക്ഷയുടെ പ്രിന്റ്ഔട്ടും ഫീസടച്ചതിന്റെ രസീതും **(Fee Receipt)** അലോട്ട്മെന്റ് ലഭിച്ച് കോളേജിൽ പ്രവേശനം നേടുന്ന സമയത്ത് ഹാജരാക്കിയാൽ മതിയാകും.

- ഓൺലൈൻ പേയ്മെന്റ് മാത്രം: എല്ലാ ഫീസുകളും അവരവരുടെ പ്രൊഫൈലിൽ നിന്ന് ഓൺലൈൻ വഴി മാത്രമേ അടയ്ക്കാൻ സാധിക്കൂ.

- ഡി.ഡി, ചെക്ക്, ചലാൻ, **KU-Epayment etc** എന്നിവ സ്വീകരിക്കുന്നതല്ല.

- റീഫണ്ട് ലഭിക്കില്ല: തെറ്റായി ഒടുക്കുന്ന ഫീസുകൾ പിന്നീട് റീഫണ്ട് ചെയ്യുന്നതല്ല.

- രസീത് സൂക്ഷിക്കുക: ഫീസടച്ച ശേഷം ലഭിക്കുന്ന രസീത് **(Fee Receipt)** ഭാവി ആവശ്യങ്ങൾക്കായി നിർബന്ധമായും സൂക്ഷിച്ചുവെക്കുക.

കൂടുതൽ വിവരങ്ങൾക്ക്:

അഡ്മിഷനുമായി ബന്ധപ്പെട്ട പുതിയ അപ്ഡേറ്റുകൾക്കായി സർവകലാശാലയുടെ പത്രക്കുറിപ്പുകളും ഔദ്യോഗിക വെബ്സൈറ്റും പരിശോധിക്കുക:

വെബ്സൈറ്റ് ലിങ്ക്: **https://admissions.keralauniversity.ac.in/fyugp2026**
ഹെൽപ്പ് ലൈൻ നമ്പർ : **8281883052, 8281883053, 8281883052 (Whatsapp)**
**Email id: https://admissions.keralauniversity.ac.in/fyugp2026**

## പിഎച്ച്.ഡി രജിസ്ട്രേഷൻ ജൂലൈ 2026 - ഗൈഡുമാരുടെ പ്രൊഫൈലുകൾ അപ്ഡേറ്റ് ചെയ്യുന്നത് സംബന്ധിച്ച്

കേരളസർവകലാശാല ജൂലായ് 2026 ലെ പിഎച്ച്.ഡി രജിസ്ട്രേഷന്റെ നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കുന്നതിന് മുന്നോടിയായി, ഗവേഷണ കേന്ദ്രങ്ങൾ ആയി അംഗീകാരം ലഭിച്ച സർവകലാശാലയോട് അഫിലിയേറ്റ് ചെയ്യപ്പെട്ട കോളേജുകളിലെ പ്രിൻസിപ്പൽമാരും, മറ്റു ഗവേഷണ കേന്ദ്രങ്ങളുടെ തലവന്മാരും, അവരവരുടെ കേന്ദ്രങ്ങളിൽ അനുവദിക്കപ്പെട്ട ഗൈഡുമാരുടെ പ്രൊഫൈലുകൾ 2026 ജൂൺ 15 ന് മുൻപ് അപ്ഡേറ്റ് ചെയ്യുന്നതിനുള്ള നിർദേശം നൽകണം എന്ന് അറിയിക്കുന്നു.

## പരീക്ഷാഫലം

കേരളസർവകലാശാല 2026 ഏപ്രിലിൽ നടത്തിയ ആറാം സെമസ്റ്റർ ബിഎ (എഫ്.ഡി.പി. സി.ബി.സി.എസ്.) (റെഗുലർ - 2023 അഡ്മിഷൻ, സപ്ലിമെന്ററി – 2022 & 2021 അഡ്മിഷൻ, മേഴ്സിചാൻസ് - 2013, 2017 - 2018 & 2020 അഡ്മിഷൻ) പരീക്ഷാഫലം

പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും 2026 ജൂൺ 17 വരെ ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാലയുടെ ആറാം സെമസ്റ്റർ ബിഎസ്‌സി കമ്പ്യൂട്ടർ സയൻസ് (റെഗുലർ - 2023 അഡ്മിഷൻ, സപ്ലിമെന്ററി – 2021 **&** 2022 അഡ്മിഷൻ, മേഴ്സിചാൻസ് – 2013, 2017, 2018 **&** 2020 അഡ്മിഷൻ), ഏപ്രിൽ 2026 പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും 2026 ജൂൺ 17 വരെ ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാലയുടെ ആറാം സെമസ്റ്റർ ബിഎസ്‌സി എൻവയോൺമെന്റൽ സയൻസ് ആന്റ് എൻവയോൺമെന്റ് ആന്റ് വാട്ടർ മാനേജ്മെന്റ് (216), ബിഎസ്‌സി കെമിസ്ട്രി ആന്റ് ഇൻഡസ്ട്രിയൽ കെമിസ്ട്രി (241), ബിഎസ്‌സി ഫിസിക്സ് ആന്റ് കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ് (328) (റെഗുലർ - 2023 അഡ്മിഷൻ, സപ്ലിമെന്ററി – 2021 **&** 2022 അഡ്മിഷൻ, മേഴ്സിചാൻസ് - 2013, 2017, 2018 **&** 2020 അഡ്മിഷൻ), ഏപ്രിൽ 2026 പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും 2026 ജൂൺ 17 വരെ ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## <u>പ്രാക്ടിക്കൽ</u>

കേരളസർവകലാശാലയുടെ ഒന്നാം സെമസ്റ്റർ സി.ആർ. സി.ബി.സി.എസ്.എസ്. **2 (b)** ബിഎസ്‌സി കമ്പ്യൂട്ടർ സയൻസ് **(320)** (സപ്ലിമെന്ററി - 2021 - 2023 അഡ്മിഷൻ, മേഴ്സിചാൻസ് – 2013 **&** 2017 - 2020 അഡ്മിഷൻ), മാർച്ച് 2026 പരീക്ഷകളുടെ പ്രാക്ടിക്കൽ 2026 ജൂൺ 04 ന് നടത്തുന്നു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## <u>കോളേജ് മാറ്റത്തിന് അപേക്ഷിക്കാം</u>

കേരള സർവകലാശാലയുടെ കീഴിലുള്ള കോളേജുകളിൽ മൂന്നാം സെമസ്റ്ററിലേക്ക് ബിരുദ വിദ്യാർത്ഥികൾക്ക് **(FYUGP)** 2026-27 അദ്ധ്യയന വർഷത്തിൽ മേജർ വിഷയം മാറാതെയുള്ള കോളേജ് മാറ്റത്തിനായി അപേക്ഷിക്കാവുന്നതാണ്. കോളേജ് മാറ്റം ഗവൺമെന്റ്/എയ്ഡഡ് കോളേജുകൾ തമ്മിലും (ഓട്ടോണോമസ് ഒഴികെ), സ്വാശ്രയ കോളേജുകൾ തമ്മിലും, യു.ഐ.റ്റി സെന്ററുകൾ തമ്മിലും അനുവദിക്കുന്നതാണ്.

പൂരിപ്പിച്ച അപേക്ഷ, +2 അല്ലെങ്കിൽ തത്തുല്യ പരീക്ഷയുടെ മാർക്ക് ലിസ്റ്റ് സഹിതം പഠിക്കുന്ന കോളേജിലെ പ്രിൻസിപ്പാളിന്റെ ശുപർശയോടൊപ്പം 1050 /- രൂപ ഫീസ് അടച്ച് ചേരാൻ പോകുന്ന കോളേജിൽ 2026 ജൂൺ 10 ന് മുൻപായി സമർപ്പിക്കേണ്ടതാണ്. തെരഞ്ഞെടുക്കപ്പെടുകയാണെങ്കിൽ 1575 /- രൂപ കൂടി അടക്കേണ്ടതാണ്.

അപേക്ഷ സർവകലാശാല രജിസ്ട്രാർ തപാലിൽ ലഭിക്കേണ്ട അവസാന തീയതി 2026 ജൂൺ 12. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

**<u>നിശ്ചിത തീയതിക്ക് ശേഷം ലഭിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്.</u>**

## <u>സീറ്റൊഴിവ്</u>

കേരളസർവകലാശാല അറബിക് വിഭാഗം നടത്തി വരുന്ന ഹ്രസ്വകാല ഡിപ്ലോമ ഇൻ കമ്മ്യൂണിക്കേറ്റീവ് അറബിക് (ഓൺലൈൻ) **2026** മെയ് മാസത്തിൽ ആരംഭിക്കുന്ന പതിനൊന്നാമത് ബാച്ചിലേക്ക് ഏതാനും സീറ്റുകൾ ഒഴിവുണ്ട്. യോഗ്യത: സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ കമ്മ്യൂണിക്കേറ്റീവ് അറബിക്, പ്രിലിമിനറി അറബിക്, മുൻഷി അറബിക്, അറബിക് ടീച്ചേർസ് എക്സാമിനേഷൻ, ഏതെങ്കിലും ഡിഗ്രി (അറബിക് സെക്കന്റ്

ഭാഷയായിരിക്കണം), ഓറിയന്റൽ ടൈറ്റിൽ (ആലിം / ഫാളിൽ). ഫീസ് : **6500** രൂപ. സീറ്റുകൾ: 15 കാലാവധി : 6 മാസം. ഓൺലൈനായി അപേക്ഷിക്കുന്നതിനായി **www.arabicku.in** സന്ദർശിക്കുക. അപേക്ഷിക്കേണ്ട അവസാന തീയതി 2026 ജൂൺ 15 തിങ്കളാഴ്ച വൈകുന്നേരം 5 മണി. വിശദവിവരങ്ങൾക്ക് ഫോൺ : 0471-2308846/ 9747318105.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്ജ്)**

**E-mail:** For queries **helpdesk@keralauniversity.ac.in**/
**website:** **www.keralauniversity.ac.in**

***University information is available on*** **9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**